"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വികസിത് ഭാരത് ഗ്യാരന്റി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) (VB-G RAM G) പദ്ധതിയുടെ സംസ്ഥാനതല നടത്തിപ്പിനും മേൽനോട്ടത്തിനുമായി സ്റ്റേറ്റ് ഗ്രാമീൺ റോസ്ഗാർ ഗാരന്റി കൗൺസിൽ (SGRGC) രൂപീകരിച്ച് ഉത്തരവാകുന്നു

---

**തദ്ദേശ സ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1642/2026/LSGD തീയതി,തിരുവനന്തപുരം, 01-09-2026

---

പരാമർശം:-

1. വികസിത് ഭാരത് ഗ്യാരന്റി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) VB-G RAM G നിയമം, 2025
2. കേന്ദ്ര സർക്കാരിന്റെ 11.05.2026-ലെ S.O. 2382(E), S.O. 2383(E) നമ്പർ ഗസറ്റ് വിജ്ഞാപനങ്ങൾ.
3. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, മിഷൻ ഡയറക്ടറുടെ 22.05.2026-ലെ NREGA/56/2022-A1 നമ്പർ കത്ത്

**ഉത്തരവ്**

ഗ്രാമീണ വികസനത്തെ വികസിത് ഭാരത് @2047 എന്ന ദേശീയ കാഴ്ചപ്പാടുമായി ഏകോപിപ്പിക്കുന്നതു ലക്ഷ്യമിട്ട് ഗ്രാമീണ കുടുംബങ്ങളിലെ പ്രായപൂർത്തിയായ അംഗങ്ങൾ അവിദഗ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധരാകുന്ന പക്ഷം, ഓരോ സാമ്പത്തിക വർഷവും 125 ദിവസത്തെ വേതനത്തോടുകൂടിയ തൊഴിൽ ഉറപ്പാക്കുന്നതിലൂടെ, ദേശീയ ഗ്രാമീണ അടിസ്ഥാനസൗകര്യ ശൃംഖല സൃഷ്ടിക്കൽ, ആധുനികവത്കരിച്ച ഡിജിറ്റൽ ഭരണസംവിധാനം, സമഗ്രവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ആസൂത്രണം എന്നിവയിലൂടെ സമ്പന്നവും പ്രതിരോധശേഷിയുള്ളതുമായ ഗ്രാമീണ ഇന്ത്യ കെട്ടിപ്പടുക്കുന്നതിന് വികസിത് ഭാരത് – ഗ്യാരന്റി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) [VB-G RAM G] നിയമം 2025 പാർലമെന്റ് പാസാക്കുകയുണ്ടായി. പരാമർശം (2) പ്രകാരം, നിലവിൽ പ്രാബല്യത്തിലുണ്ടായിരുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS) പൂർണ്ണമായും റദ്ദാക്കപ്പെടുകയും, പുതിയ VB-G RAM G നിയമം 2026 ജൂലൈ 1 മുതൽ രാജ്യത്ത് പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. VB-G RAM G ആക്ട് സെക്ഷൻ 13(1) പ്രകാരം 'സ്റ്റേറ്റ് ഗ്രാമീൺ റോസ്ഗർ ഗാരന്റി കൗൺസിൽ രൂപീകരിക്കുന്നതിന് ചെയർപേഴ്സനെയും ഔദ്യോഗിക അംഗങ്ങളെയും സംസ്ഥാന സർക്കാർ തീരുമാനിക്കാവുന്നതാണെന്നും കൂടാതെ പരമാവധി 15 അനൗദ്യോഗിക അംഗങ്ങളെയും (പഞ്ചായത്ത് പ്രതിനിധികൾ, തൊഴിലാളി സംഘടനകൾ തുടങ്ങിയവരിൽ നിന്ന്) സർക്കാർ നാമനിർദ്ദേശം ചെയ്യാവുന്നതാണെന്നും. ഇതിൽ

കുറഞ്ഞത് മൂന്നിലൊന്ന് അംഗങ്ങൾ സ്ത്രീകളും, മൂന്നിലൊന്ന് അംഗങ്ങൾ പിന്നാക്ക-ന്യൂനപക്ഷ-പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ളവരും ആയിരിക്കണമെന്നും നിയമത്തിൽ വ്യവസ്ഥ വ്യവസ്ഥ ചെയ്തിട്ടുണ്ട്. VB-G RAM G പദ്ധതിയുടെ സംസ്ഥാനതല നിർവഹണത്തിനായി, പ്രസ്തുത നിയമത്തിലെ സെക്ഷൻ 13(1) പ്രകാരം ഒരു **സ്റ്റേറ്റ് ഗ്രാമീൺ റോസ്ഗർ ഗാരന്റി കൗൺസിൽ** രൂപീകരിക്കുന്നതിനായി മിഷൻ ഡയറക്ടർ, VB-G RAM G പരാമർശം (3) പ്രകാരം സർക്കാരിൽ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യങ്ങളെല്ലാം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, VB-G RAM G നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുന്നതിനും പദ്ധതിയുടെ സംസ്ഥാനതല നടത്തിപ്പ്, ഏകോപനം, മേൽനോട്ടം എന്നിവ കാര്യക്ഷമമാക്കുന്നതിനുമായി താഴെപ്പറയുന്ന ഘടനയോടെ ഒരു **സ്റ്റേറ്റ് ഗ്രാമീൺ റോസ്ഗർ ഗാരന്റി കൗൺസിൽ (State Grameen Rozgar Guarantee Council – (SGRGC)** രൂപീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

**ഔദ്യോഗിക അംഗങ്ങൾ**

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി – **ചെയർപേഴ്സൺ**
2. അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് – **മെമ്പർ**
3. അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി, ധനകാര്യ വകുപ്പ് – **മെമ്പർ**
4. അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി, ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പ് – **മെമ്പർ**
5. അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി, കൃഷി വകുപ്പ് – **മെമ്പർ**
6. അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി, വനം-വന്യജീവി വകുപ്പ് – **മെമ്പർ**
7. അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി, തൊഴിലും പുനരധിവാസവും വകുപ്പ് – **മെമ്പർ**
8. അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് – **മെമ്പർ**
9. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് –**മെമ്പർ**
10. ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ് –**മെമ്പർ**
11. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ – **മെമ്പർ**
12. മിഷൻ ഡയറക്ടർ, വികസിത് ഭാരത് – ഗ്യാരന്റി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) – **കൺവീനർ**

**അനൗദ്യോഗിക അംഗങ്ങൾ**

1. ശ്രീ എ.കെ.എം. അഷ്റഫ് എം.എൽ.എ.
2. ശ്രീ റഹ്മത്തുള്ള എം.എൽ.എ.
3. ശ്രീമതി ഉഷ വിജയൻ  എം.എൽ.എ.
4. ശ്രീ അബിൻ വർക്കി എം.എൽ.എ.
5. ശ്രീമതി കെ.കെ. രമ എം.എൽ.എ.
6. ശ്രീ കെ.ജി. രാധാകൃഷ്ണൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, എറണാകുളം
7. ശ്രീ പി.കെ.സി. അബ്ദുറഹ്മാൻ, പ്രസിഡന്റ്, കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത്
8. ശ്രീ വി.വി. മുഹമ്മദാലി, മുൻ പ്രസിഡന്റ്, നാദാപുരം ഗ്രാമപഞ്ചായത്ത്
9. ശ്രീമതി സമീറ പുളിക്കൽ, പ്രസിഡന്റ്, കണ്ണമംഗലം ഗ്രാമപഞ്ചായത്ത്
10. ശ്രീമതി ഇന്ദിര കെ.വി., പ്രസിഡന്റ്, എടയൂർ ഗ്രാമപഞ്ചായത്ത്
11. ശ്രീമതി കെ. ഷീജ കങ്ങണ്ടാപുരം, പ്രസിഡന്റ്, കരുളായി ഗ്രാമപഞ്ചായത്ത്
12. ശ്രീ ബാബു, പ്രസിഡന്റ്, പുതുനഗരം ഗ്രാമപഞ്ചായത്ത്
13. ശ്രീ കെ. മുഹമ്മദ് മൻസൂർ, മണ്ണിൽത്തൊടി ഹൗസ്, പുല്ലാര മേൽമുറി, വള്ളുവമ്പ്രം പി.ഒ., മലപ്പുറം ജില്ല - 673642
14. ശ്രീ ആർ. ചന്ദ്രശേഖരൻ, അയിക്കുമത്ത് ഹൗസ്, ശൂരനാട് പി.ഒ., കൊല്ലം-690522
15. ശ്രീമതി യാസ്മിൻ അരിമ്പ്ര, ജില്ലാ പഞ്ചായത്ത് മെമ്പർ, മലപ്പുറം

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

1. സ്റ്റേറ്റ് ഗ്രാമീൺ റോസ്ഗർ ഗാരന്റി കൗൺസിലിലെ എല്ലാ അംഗങ്ങൾക്കും
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E), തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
4. വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (I&PRD)
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Digitally signed by
Preetha P R
Date: 01-09-2026
17:04:39
സെക്ഷൻ ഓഫീസർ

**പകർപ്പ്:**

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്